മാതൃഭൂമി

Mathrubhumi Seed
Student Empowerment for Environmental Development
In partnership with FEDERAL BANK

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 33 JUNE 2024



# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16


Cover photo: **AI generated image**








# എ.ഐ. പടം

എല്ലാ മേഖലകളിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കടന്നുവന്നുകഴിഞ്ഞു. വിവരശേഖരണത്തിനും കഥയെഴുതാനും പടംവരയ്ക്കാനുമൊക്കെ ഉത്സാഹത്തോടെ മുന്നിലുണ്ട് ഈ വിദ്യ. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് നിർമ്മിച്ച ചിത്രമാണ് ഈ ലക്കം ആകാശപ്പച്ചയുടെ കവറിലുള്ളത്. അതിനൊടോപ്പം എ.ഐ. നിർമ്മിച്ച് ഏതാനും ചിത്രങ്ങൾകൂടി ഇവിടെ ചേർക്കുന്നു.

Artificial intelligence generated images

എഡിറ്റോറിയൽ

# മാലിന്യം കുറയ്ക്കാൻ ഒരു നല്ല ശീലം



ജനസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിൽ മാലിന്യസംസ്കരണം വലിയ പ്രതിസന്ധികൾ സൃഷ്ടിക്കാറുണ്ട്. അതിന് ഉദാഹരണമാണ് കേരളം. ഭക്ഷണത്തിനായി ഉത്പാദിപ്പിക്കുന്ന വിഭവങ്ങൾ പാഴാക്കുന്നതും മാലിന്യം വർധിക്കുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്നാണ്. ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന ധാന്യങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ എന്നിവയിൽ വലിയൊരുപങ്ക് ഉപയോഗിക്കാനാവാതെ നശിച്ചുപോകുന്നു എന്നാണ് കണക്ക്. ശരിയായ രീതിയിൽ സംഭരിക്കാത്തതുകൊണ്ടാണ് ഭക്ഷ്യധാന്യങ്ങൾ പലപ്പോഴും നശിക്കുന്നത്. ഉത്പാദനസ്ഥലത്തിനും ഉപയോഗസ്ഥലത്തിനും ഇടയിലുള്ള ദൂരമാണ് പഴം- പച്ചക്കറികൾക്ക് തിരിച്ചടിയുണ്ടാക്കുന്നത്. പാചകം ചെയ്ത ശേഷം ഉപയോഗിക്കാതെ ബാക്കിയാവുന്ന ഭക്ഷണസാധനങ്ങളുടെ തോതും ചെറുതല്ല. ഭക്ഷണത്തിനായുള്ള സാധനങ്ങൾ കൃത്യമായ അളവിൽ കൃത്യമായ സമയത്ത് ഉപയോഗപ്പെടുത്തുന്ന ശീലം പാലിച്ചാൽ മലിന്യത്തിന്റെ തോത് ഒരു പരിധിവരെ കുറയ്ക്കാനാവും. ഈ നല്ല ശീലം കുടുംബബജറ്റിനെ കൂടുതൽ സുരക്ഷിതമാക്കുകയും ചെയ്യും.

കാട്ടിലെക്കാര്യം

# കാട് പറക്കുമ്പോൾ...

പ്രകൃതിയുടെ സുന്ദരസൃഷ്ടികളിൽ ഏറെ പ്രാധാന്യമുണ്ട് പക്ഷികൾക്ക്. അവയുടെ രൂപഭാവങ്ങൾ, മനോഹരമായ വർണ്ണങ്ങൾ, സുന്ദരമായ ചലനങ്ങൾ, ഹൃദ്യമായ പാട്ടുകൾ, സംഘബലം, കുടുംബമായി കഴിയൽ, കുഞ്ഞുങ്ങളെ വളർത്തുന്നതിന്റെ കൗശലം എല്ലാം വിസ്മയകരമാണ്. നമ്മുടെ കാടുകളിലെ ഗംഭാരകാഴ്ചയാണ് മലമുഴക്കി വേഴാമ്പലുകൾ. വലുപ്പത്തിലും സൗന്ദര്യത്തിലും ഗാംഭീരത്തിലും കുടുംബസംരക്ഷണസ്വഭാവത്തിലും ഉന്നത സ്ഥാനീയരാണ് ഈ പക്ഷികൾ. അങ്ങനെയാണ് ഈ കാട്ടുപക്ഷി നമ്മുടെ സംസ്ഥാന പക്ഷിയായി മാറിയതും. മരങ്ങളിൽ വലിയ ശബ്ദത്തോടെ കൊത്തി ഭക്ഷണം കണ്ടെത്തുന്ന മരം കൊത്തിയും മഴമേഘങ്ങളെ നോക്കി വർണ്ണാഭമായ പീലിവീശി നൃത്തം ചെയ്യുന്ന മയിലും കാടിന്റെ കൂട്ടുകാരാണ്. ഇങ്ങനെ കാടിന്റെ ശബ്ദവും സൗന്ദര്യവും ജീവനുമായ പക്ഷികളുടെ സംരക്ഷണം കാടിന്റെ മാത്രമല്ല നാടിന്റെയും നില നിൽപ്പിന് അനിവാര്യമാണ്.

സൂര്യതേജ് എ.എസ്.
ഗവ.എൽ.പി.എസ്. മടവൂർ
തിരുവനന്തപുരം

കേരളം അറിയാൻ

# നദികൾ മലിനമാകുമ്പോൾ

മനുഷ്യ ഉപഭോഗത്തിനുള്ള ജലസ്രോതസ്സുകൾ മാത്രമല്ല നദികൾ. എന്നാൽ മനുഷ്യന്റെ നിലനിൽപ്പിന് നമുക്ക് അവയെ ആശ്രയിക്കാം. എന്നിട്ടും നമ്മൾ എല്ലാ നദികളെയും അതിവേഗം മലിനമാക്കുന്നു. ഭക്ഷണ അവശിഷ്ടങ്ങളും പ്ലാസ്റ്റിക് വേസ്റ്റും ഫാക്ടറിയിൽ നിന്നുള്ള മലിന്യങ്ങളുമെല്ലാം നദിയിലേക്ക് തള്ളിവിടുന്നു. പരിസ്ഥിതിയെക്കുറിച്ചുള്ള തികഞ്ഞ അജ്ഞതയാണ് ഇതിന്റെ പ്രധാനകാരണം. മരിക്കുന്ന നദികളെ രക്ഷിക്കാൻ ഇനിയും അവസരമുണ്ട്. നമ്മുടെ ജീവിതം സുരക്ഷിതമാകണമെങ്കിൽ നദികളെ മലിനീകരണത്തിൽ നിന്ന് രക്ഷിക്കണം. നദി എല്ലാവർക്കും അവകാശപ്പെട്ടതാണ്. വ്യക്തിതലത്തിൽ ജലമലിനീകരണം കുറയ്ക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. നദികളുടെ ശോചനീയാവസ്ഥയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ നമുക്ക് കഴിയണം. കേരളത്തിലെ നദികളുടെ ദയനീയാവസ്ഥ മാറ്റാൻ വിദ്യാർത്ഥികളായ നമ്മെക്കൊണ്ട് കഴിഞ്ഞില്ലെങ്കിൽ പിന്നെ ആർക്കാണ് അതിനു കഴിയുക?



ഫാത്തിമ നിഹല
എ.എം.യു.പി.എസ്. ആക്കോട്
വിരിപ്പാടം, മലപ്പുറം




# എറേസ കൺഫിനിസ്

## Eressa confinis


ഇന്ത്യ, ശ്രീലങ്ക, തായ്‌വാൻ, ചൈന എന്നിവിടങ്ങളിൽ കാണപ്പെടുന്ന ഒരിനം നിശാശലഭമാണ് എറേസ കൺഫിനിസ്.1854– ൽ ആണ് ഇതിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് പേരുനൽകിയത്. ചിറകുകൾക്ക് 2 സന്റീമീറ്ററോളം നീളമുണ്ടവും. ശരീരം കറുപ്പും മഞ്ഞയും ഇടകലർന്ന് കാണപ്പെടുന്നു. ചിറകിലും കറുപ്പും ഇളം മഞ്ഞയോ വെള്ളയോ നിറമുണ്ട്. ചിത്രശലഭത്തിനോട് സമാനമായ ജീവിത ചക്രമാണ് ഇവയ്ക്കുമുള്ളത്.

മാതൃഭൂമി ആകാശപ്പച്ച
2024 ജൂൺ

അലീന ജോഷി
സെന്റ് തോമസ് എച്ച്.എസ്.എസ്.
മായന്നൂർ, തൃശൂർ

## ഈ ഫോട്ടോ കാണാം





നമ്മൾ ഉപദ്രവിക്കില്ല
എന്ന് ബോധ്യമായാൽ
ഉമ്മറത്ത് തൂക്കിയിടുന്ന
ചെടിച്ചട്ടികളിൽപ്പോലും
കിളികൾ
കൂടുകൂട്ടാറുണ്ട്

മാതൃഭൂമി ആകാശപ്പച്ച
2024 ജൂൺ

ശ്രീപദ് ഐ.എസ്.
വിദ്യോദയ സ്കൂൾ തേവക്കൽ
എറണാകുളം

കൃഷിക്കാര്യം



# കൈമാറ്റം

എന്റെ അമ്മയും അമ്മൂമ്മയും പറഞ്ഞുതന്നതും ചെയ്യുന്നതുമായ കുറച്ചു കൃഷിയറിവുകളാണ് പങ്കുവെക്കുന്നത്.

വെണ്ട വിത്ത് പുളിച്ച കഞ്ഞിവെള്ളത്തിൽ കുറച്ചുനേരം ഇട്ടുവെച്ചിട്ട് നട്ടാൽ പെട്ടെന്ന് മുളക്കുകയും ആരോഗ്യമുള്ള തൈകൾ ലഭിക്കുകയും ചെയ്യും.

മത്തി കഴുകിയ വെള്ളം കറിവേപ്പില തഴച്ചു വളരാൻ സഹായിക്കും.

വഴുതന, മുളക് ഇവയുടെ ചുവട്ടിൽ ഗോമൂത്രം ഒഴിച്ചാൽ കുരുടിപ്പ് മാറി വേഗം പൂവിടും.

ഒരു ചാക്കിൽ ചെറിയ ഓട്ടയിട്ടശേഷം കരിയിലകൾ നിറച്ച് അതിൽ കുറച്ച് മണ്ണും ഇട്ട് മുളക് തൈ വെച്ചാൽ മുളക് നല്ലതുപോലെ വളരും.

ചിത്ര പി.കെ.
ജി.എച്ച്.എസ്. ബെമ്മണ്ണൂർ
പാലക്കാട്

*പുതിയൊരു ലോകം*
*ഇളം തെന്നൽ മൂളുന്ന ഗാനം*
*ഇളവെയിൽ പോലുള്ള സ്നേഹം*
*കിനാക്കൾ കടം തന്ന ലോകം...*

# പൂമൊട്ടിന്റെ സ്വപ്നം



മികച്ച ഗാനങ്ങൾ കൊണ്ടും ശ്രദ്ധനേടിയ സിനിമയാണ് 2022- ൽ പുറത്തിറങ്ങിയ 'ഹൃദയം'. അതിലെ പ്രകൃതിയുമായി ഇഴചേർന്ന് നിൽക്കുന്ന ഒരു ഗാനമാണ് 'പുതിയൊരു ലോകം'. ഇളം തെന്നലിന്റെ നേർത്ത ശബ്ദത്തെ ഭംഗിയുള്ള ഗാനമായും, ഇളം വെയിലിനെ സ്നേഹമായും, പൂമൊട്ടുകളെ സ്വപ്നമായും വിവരിക്കുന്നു. പൂ വിരിയുമ്പോൾ സ്വപ്നം പൂവണിഞ്ഞ പോലെയും, അവയിൽ ഓരോ മോഹങ്ങളുള്ളതായും വർണിക്കുന്നു. കടലിനെ കുറിച്ചും മനോഹരമായ പരാമർശം ഈ പാട്ടിലുണ്ട്.

സിനിമ : ഹൃദയം
ഗാനരചന : കൈതപ്രം ദാമോദരൻ നമ്പൂതിരി
സംഗീതം : ഹിഷാം അബ്ദുൾ വഹാബ്
ഗായകർ : ടി.കെ. വിമൽ, ഭദ്ര രാജിൻ

പൂജ നായർ
എ.ജെ.ജെ.എം.ജി.ജി.എച്ച്.എസ്.എസ്.
തലയോലപ്പറമ്പ്, കോട്ടയം

ഇത് അതിശയം തന്നെ






# സാബൂൻകായ

സോപ്പ് കണ്ടുപിടിക്കുന്നതിനുമുൻപ് തുണികളിലെയും മറ്റും അഴുക്ക് ഇളക്കികളയുന്നതിന് പല വിദ്യകളും പല നാടുകളിലും ഉപയോഗിച്ചിരുന്നു. അത്തരത്തിലൊന്നാണ് ഉറുഞ്ചിക്കായ. ഉഴുറുഞ്ചിക്കായ, ചവക്കായ, പശകൊട്ട എന്നീ പേരുകളും ഇതിനുണ്ട്. പിന്നീട് സാബൂൻകായ എന്നും ഇതിന് പേരുവന്നു. സോപ്പിന്റെ അറബിപ്പേരാണ് സാബൂൻ. സ്വർണ്ണാഭരണങ്ങളിലെ അഴുക്ക് നീക്കി നല്ല തിളക്കം കിട്ടാൻ ഈ കായ ഉപയോഗിച്ച് കഴുകാറുണ്ട്. നാട്ടിൻപുറങ്ങളിലെ സ്വർണപ്പണിക്കാർ ഇപ്പോഴും ഇത് ഉപയോഗിക്കാറുണ്ട്. രാസവസ്തുക്കൾ ഉപയോഗിച്ച് നിർമിക്കുന്ന സോപ്പിനെക്കാളും മറ്റ് ഡിറ്റർജന്റുകളെക്കാളും പ്രകൃതിസൗഹൃദമാണ് സാബൂൻകായ എന്ന് മറക്കരുത്.

സൈഹ ഫാത്തിമ
കെ.എം.ജെ. സെൻട്രൽ സ്കൂൾ
പള്ളിമുക്ക്, കൊല്ലം

# കാക്ക കുളിച്ചാൽ കൊക്ക് ആകുമോ?

തെറ്റ് ശരി

എപ്പോഴും കേൾക്കുന്ന ഒരു പഴഞ്ചൊല്ലാണിത്. കാക്കയുടെ നിറം കറുപ്പും കൊക്കിന്റേത് വെളുപ്പുമാണല്ലോ. കാക്ക എത്രകുളിച്ചു നോക്കിയാലും വെളുപ്പാകില്ലല്ലോ. മറ്റുള്ളവരെ അനുകരിച്ച് നമ്മൾ നമ്മുടെ കഴിവുകളെകുറച്ചുകാണുകയും അത് മാറ്റാൻ ശ്രമിക്കുകയും ചെയ്യേണ്ടതില്ല എന്നാണ് ഈ ചൊല്ലിന്റെ ശരിയായ അർത്ഥം. നമുക്ക് ഉള്ള കഴിവുകൾ നന്നായി ഉപയോഗപ്പെടുത്തുയാണ് വേണ്ടത്. അതായത് കാക്ക കുളിക്കേണ്ടത് വൃത്തിക്കുവേണ്ടിയാണ്. അല്ലാതെ വെളുക്കാൻ വേണ്ടിയല്ല എന്നർത്ഥം. എന്തായാലും നല്ല വൃത്തിയുള്ള ജീവിതന്നെയാണ് കാക്ക എന്നതിൽ സംശയമില്ല.



സൂരജ് എസ്.നായർ
ക്ലാസ്സ് - 4
ശ്രീവിജയനന്ദ വിദ്യാലയട കിടങ്ങന്നൂർ
പത്തനംതിട്ട



# തടയാൻ കഴിയില്ല!

കാട്ടുമൃഗങ്ങൾ നാട്ടിലേക്ക് വരുന്നതും ആക്രമണങ്ങൾ നടത്തുകയും ചെയ്യുന്നത് ലോകമെമ്പാടും ഒരു സ്ഥിരം കാഴചയായി മാറിയിരിക്കുന്നു. മനുഷ്യന്റെ കടന്നാക്രമണം കാരണം കാട് നശിച്ചിരിക്കുന്നു. ആവാസവ്യവസ്ഥ നഷ്ട പ്പെട്ട മൃഗങ്ങൾ നാട്ടിലേക്കിറങ്ങിയാൽ മനുഷ്യന് തടുത്തു നിർത്താനാവില്ല. മാനവരാശിക്ക് തന്നെ ഇതൊരു വെല്ലുവി ളിയാണ് . കാട് വന്യ മൃഗങ്ങൾക്കാണ്, അവിടെ മനുഷ്യന്റെ ഇടപെടൽ ആവശ്യമില്ല. അത്യാർത്തികാരണം മനുഷ്യൻ ചെയ്തുകൂട്ടുന്നത് നാളെ അവന്റെ തന്നെ നാശത്തിനിടയാ കും. അതുകൊണ്ട് കാട് മൃഗങ്ങൾക്ക് വിട്ടുകൊടുക്കാം. അല്ലെങ്കിൽ നാട് വന്യ മൃഗങ്ങളെക്കൊണ്ട് നിറയും. നമ്മൾ വലിയ തിരിച്ചടികൾ നേരിടേണ്ടിയും വരും!

നൈനിക ലഗേഷ്
ഹൈടെക്ക് പബ്ലിക്ക് സ്കൂൾ വട്ടോളി
കോഴിക്കോട്




# റോഡോഡെൻഡ്രോൺ

1024 ഇനങ്ങൾ ഉൾപ്പെട്ട എറികേസിയേ സസ്യകുടുംബത്തിലെ  ഒരു പൂമരമാണ് റോഡോഡെൻഡ്രോൺ. ഏഷ്യയിലെ നിത്യഹരിതവനങ്ങളിലും ഇലപൊഴിയും കാടുകളിലുമാണ് ഇവ പ്രധാനമായും കാണപ്പെടുന്നത്. വടക്കേ അമേരിക്കയിലെ അപ്പലേഷിയൻ മലനിരകളുടെ ഉന്നതതലത്തിലുടനീളം ഇത് വ്യാപകമാണ്. പൂക്കളുടെ താഴ്‌വര എന്ന് പ്രസിദ്ധമായ യംതാങ്ങ് വാലി പ്രദേശത്ത് ഷിങ്ബ റോഡോഡെൻഡ്രോൺ വന്യജീവിസങ്കേതം സ്ഥിതിചെയ്യുന്നു. സിക്കിമിന്റെ സംസ്ഥാന പുഷ്പം ആയ റോഡോഡെൻഡ്രോണിന്റെ ഇരുപത്തിനാല് ഇനങ്ങൾ ഇവിടെ കാണപ്പെടുന്നുണ്ട്. ഫെബ്രുവരി മുതൽ മെയ് വരെയാണ് പൂക്കാലം. താഴ്‌വര നിറയെ വിവിധ നിറങ്ങളിലുള്ള പൂക്കൾ നിറഞ്ഞുനിൽക്കുന്നത് അപൂർവ കാഴ്ചയാണ്.

കെ. ജയചന്ദ്രൻ, പ്രിൻസിപ്പാൾ
ജി.എച്ച്.എസ്.എസ്.രാവണീശ്വരം
കാസർകോട്

വർണച്ചിറക്

കവിത




ആദ്യത്തെ അമ്മ
എൻ പെറ്റമ്മയാണെങ്കിൽ
മറ്റമ്മ എന്റെ പ്രകൃതി തന്നെ!
കാറ്റായി എത്തിയെൻ അമ്മയെൻ ദേഹത്ത്
മെല്ലെയോ ഒന്ന് തഴുകിയീടും
എന്നെന്നും എൻ മുറ്റം തണലായി മാറ്റുവാൻ
മരമായി അമ്മയോ നിന്നിടുന്നു
എന്നെന്നും മിണ്ടാനും ആടാനും പാടാനും
ജീവജാലങ്ങളെ നൽകിടുന്നു
ഞാനൊന്ന് ചൂടേറ്റു വാടിയാൽ എന്നമ്മ
മഴയായി ഒന്നങ്ങ് പെയ്തിറങ്ങും
തണലായും വെയിലായും കാറ്റായും എന്നമ്മേ
എന്നെന്നും എൻ കൂടെ നിന്നീടേണേ
എന്നെന്നും ചുറ്റിനും ഹരിതമാം പച്ചപ്പ്
എന്നെന്നും ഇതുപോലെ നിന്നിടേണേ...

ദേവേന്ദു അനീഷ്
ഗവ.യു.പി.എസ്.കളർകോട്, ആലപ്പുഴ

# കാവൽ

കിങ്ങിണിപ്പുഴയുടെ അരികിലുള്ള കൊച്ചു കുടിലിലായിരുന്നു അമ്മുവിന്റെ താമസം. അച്ഛന് മീൻ പിടിക്കലാണ് തൊഴിൽ. അമ്മ കക്ക വാരും.അങ്ങനെ സന്തോഷത്തോടെ അവർ ആ കൊച്ചുകൂരയിൽ കഴിഞ്ഞു. പക്ഷേ കുറച്ച് ദിവസങ്ങളായി അമ്മു വലിയ വിഷമത്തിലാണ്.അവളുടെ കിങ്ങിണിപ്പുഴ വറ്റിക്കൊണ്ടിരിക്കുന്നു. അച്ഛനും അമ്മക്കും ഇപ്പോൾ പണിയൊന്നും ഇല്ല.

അവൾ അച്ഛനോട് ചോദിച്ചു "എന്താ അച്ഛാ നമ്മുടെ കിങ്ങിണിപ്പുഴയ്ക്ക് പറ്റിയത്? "

"മോളേ ഈ ഭൂമി നമുക്കായി പലതും കരുതി വെച്ചിട്ടുണ്ട്. പക്ഷേ കാശിന് വേണ്ടി, ആർത്തി പൂണ്ട ചില മനുഷ്യർ എല്ലാം നശിപ്പിക്കുന്നു. പുഴയിലെ മണലൊക്കെ ടിപ്പറിൽ കടത്തുന്നത് മോള് കണ്ടിട്ടില്ലേ? അങ്ങനെ യാ നമ്മുടെ കിങ്ങിണിപ്പുഴ വറ്റി ത്തുടങ്ങിയത്." അച്ഛൻ ഒരു ദീർഘ നിശ്വാസത്തോടെ പറഞ്ഞു. "മോളേ നിങ്ങൾക്ക് പലതും ചെയ്യാൻ പറ്റും. നിങ്ങളാണ് ഭാവി തലമുറ, ഭാവിയുടെ രക്ഷകർ. മോള് ടീച്ചറോട് പറഞ്ഞ് എന്തെങ്കിലും ചെയ്യാൻ പറ്റുമോന്ന് നോക്കണം."

അവൾ തലയാട്ടി സമ്മതിച്ചു. അതെ നമ്മൾക്കുള്ളതാണ് ഈ ഭൂമി. നമ്മളാകണം അതിന്റെ കാവൽക്കാർ.




അക്ഷര സനീഷ്, ക്ലാസ്-4
ജി.എൽ.പി. സ്കൂൾ
കൂലേരി, കാസർകോട്

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

# മാതൃഭൂമി ആകാശപ്പച്ച

ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.



**മഴയെ
കുടപിടിച്ചകറ്റിനിർത്താം,
പക്ഷേ
മഴയോട്
അകലം പാലിക്കരുത്!**

Published by Mathrubhumi Seed